**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5023** **11-08-2021 - ൽ മറുപടിയ്ക്ക്**

**വിശപ്പ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ, തൃശ്ശൂർ, കോട്ടയം. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ രീതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി ലഭ്യമാക്കുക വഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് വിശപ്പ് രഹിത കേരളം പദ്ധതി 2017 ൽ ആലപ്പുഴ ജില്ലയിൽ ആരംഭിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി ആലപ്പുഴ നഗരസഭാ പരിധിയിൽ കിടപ്പു രോഗികൾക്ക് അവരവരുടെ വീടുകളിൽ ഭക്ഷണം സൗജന്യമായി എത്തിച്ചു നല്കുകയും രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി കുറഞ്ഞ വിലയ്ക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തു. ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചു നല്കുന്നതിന് ഭക്ഷണത്തിന്റെ വിലയായി ഊണൊന്നിന് 25/- രൂപയും കൈകാര്യ ചെലവായി 5/- രൂപയും ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ നല്കി വരുന്നുണ്ട്. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചയൂണ് പാചകം ചെയ്ത് വിതരണം നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സഹകരണ സംഘങ്ങൾ തുടങ്ങിയ വരുമായി കരാർ ഉണ്ടാക്കി 20/- രൂപ നിരക്കിൽ ഉച്ചഭക്ഷണം പൊതുജനങ്ങൾക്ക് നല്കി വരുന്നുണ്ട്. ഉച്ച ഭക്ഷണത്തിനു പുറമെ മറ്റ് വിഭവങ്ങളും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിൽ ഭക്ഷണശാലകളിൽ നിന്നും വിതരണം നടത്തുന്നുണ്ട്. |
| (സി) | പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | കിടപ്പ് രോഗികൾ, അശരണർ, വാസ സ്ഥലത്ത് ഭക്ഷണം ലഭ്യമാക്കേണ്ടവർ എന്നിങ്ങനെയുള്ള ഉണഭോക്താക്കളുടെ ലിസ്റ്റ് കുടുംബശ്രീ,ആശാവർക്കർമാർ, ഐ.സി.ഡി. |

| | | | |
|---|---|---|---|
| | | | എസ്,പാലിയേറ്റീവ് കെയർ സെന്റർ എന്നിവരുടെ സഹായത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ കണ്ടെത്തി താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഉച്ച ഭക്ഷണം വീട്ടുകളിൽ എത്തിച്ചു നല്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ